പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പര്‍ : **3055**

23-3-2015 ല്‍ മറുപടിയ്ക്ക്

## ടി.വി. സീരിയലുകള്‍ക്ക് സെന്‍സറിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോള്‍ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോര്‍ക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) | |
| എ) | മലയാള ടി.വി. സീരിയലുകളുടെ നിലവാരം പരിശോധിക്കുവാന്‍ സാംസ്കാരിക എര്‍പ്പെടുത്തിയിട്ടുള്ള സംവിധാനങ്ങള്‍ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | എ) | സീരിയലുകളുടെ നിലവാരം പരിശോധിക്കുവാന്‍ നിലവില്‍ സംസ്ഥാന സര്‍ക്കാരിന് അധികാരം ഇല്ല. ചാനലുകളില്‍ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികളെക്കുറിച്ചുള്ള പരാതികള്‍ കേന്ദ്ര ഇന്‍ഫര്‍മേഷന്‍ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന്റെ ശ്രദ്ധയില്‍പ്പെടുത്താന്‍ മാത്രമേ സംസ്ഥാന സര്‍ക്കാരിന് കഴിയൂ. ഇതിനായി 29-5-2010 ലെ സ.ഉ (സാധാ) നം. 129/2010/ഐ&പി.ആര്‍ പ്രകാരം കേബിള്‍ ടി.വി. നെറ്റ് വര്‍ക്ക് റെഗുലേഷന്‍ ആക്ട് 1995 -ലെ വ്യവസ്ഥകള്‍ക്ക് വിധേയമായി വിവര പൊതുജന സമ്പര്‍ക്ക വകുപ്പ് സെക്രട്ടറി ചെയര്‍മാനായിട്ടുള്ള ഒരു സംസ്ഥാനതല മോണിറ്ററിംഗ് സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ശുപാര്‍ശയോടെ ടി.വി. ചാനലുകള്‍ക്കെതിരെയുള്ള പരാതികള്‍ കേന്ദ്ര വാര്‍ത്താവിതരണ മന്ത്രാലയത്തിന് അയച്ചുകൊടുക്കുന്നതാണ് നിലവിലുള്ള സംവിധാനം. |
| ബി) | ടി.വി സീരിയലുകള്‍ക്ക് സെന്‍സറിംഗ് കൊണ്ടുവരുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; | ബി) & സി) | ഇത് സംസ്ഥാന സര്‍ക്കാരിന്റെ അധികാര പരിധിയില്‍ വരുന്ന വിഷയമല്ല. കേന്ദ്ര ഇന്‍ഫര്‍മേഷന്‍ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയമാണ് ഇക്കാര്യം പരിശോധിക്കേണ്ടത്. |
| സി) | ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കാമോ ? | | |

സെക്ഷന്‍ ഓഫീസര്‍